# നിയമ ബോധവത്കരണ ക്ലാസ് നടത്തി




കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന 'വിശ്വാസ്' ന്റെ നിയമ ബോധവത്കരണ ക്ലാസ് കളക്ടർ കെ. രാമചന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു

**പാലക്കാട്** : 'വിശ്വാസ്' ന്റെ നിയമ ബോധവത്കരണ ക്ലാസ് കളക്ടർ കെ. രാമചന്ദ്രൻ ഉദ്ഘാടനം ചെയ്തു. റവന്യൂ-സാമൂഹ്യനീതി വകുപ്പിലെ ജീവനക്കാർക്കു വേണ്ടിയാണ് നിയമബോധവത്കരണ ക്ലാസ് സംഘടിപ്പിച്ചത്.

നിയമം മനസ്സിലാക്കിക്കൊണ്ടുള്ള ഉദ്യോഗസ്ഥസേവനം മികച്ച സാമൂഹ്യപ്രവർത്തനമാണെന്ന് കളക്ടർ പറഞ്ഞു. വേണ്ടത്ര നിയമ പിന്തുണയില്ലാതെ ഫയലുകൾ കൈകാര്യം ചെയ്യുന്നതുകൊണ്ട് പലപ്പോഴും കോടതികളിൽ നിസ്സാരകാര്യങ്ങൾക്കുപോലും സർക്കാർ പരാജയം ഏറ്റുവാങ്ങുന്നതായി അദ്ദേഹം പറഞ്ഞു.

യോഗത്തിൽ അസി. പബ്ലിക് പ്രോസിക്യൂട്ടർ പി. പ്രേംനാഥ്, അഡീഷണൽ ഗവ. പ്ലീഡർ ആർ. ഉദയകുമാർ എന്നിവർ വിഷയം അവതരിപ്പിച്ചു. ലോ ഓഫീസർ കെ.ജി. സുരേഷ് ബാബു, ശിശുക്ഷേമ സമിതി അംഗം വി.പി. കുര്യാക്കോസ്, പ്രഫുൽദാസ് സി., അഡ്വ. റീന, സോഷ്യൽ വെൽഫെയർ ഓഫീസർ ആർ. മൃത്യുഞ്ജയൻ, ഹുസൂർ ശിരസ്തദാർ വിശ്വനാഥൻ എന്നിവർ പങ്കെടുത്തു.